# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 397

28-10-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വിൻസെന്റ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ യെന്ന് വിശദമാക്കാമോ ; | (എ) പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി സർക്കാർ വിലയിരുത്തുന്നുണ്ട്. പ്രധാന ഘടകങ്ങളുടെ പുരോഗതി താഴെ കൊടുത്തിരിക്കുന്നു :<br>പുലിമുട്ടിന്റെ കരയിൽ നിന്നുള്ള 565 മീറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഡ്രെഡ്ജിംഗും റിക്ലമേഷനും 40% പൂർത്തിയായി. ബെർത്ത് നിർമ്മാണത്തിന്റെ പ്രധാന ഘടകമായ പൈൽ സ്ഥാപിക്കലും കണ്ടെയ്നർ യാർഡിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. തുറമുഖത്തെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) 3100 മീറ്റർ നീളമുള്ള പുലിമുട്ടിന്റെ അഞ്ചിലൊരുഭാഗം പോലും ഇതുവരെ പണി പൂർത്തിയായിട്ടി ല്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; പുലിമുട്ട് നിർമ്മാണ ത്തിന് ആവശ്യമായ കരിങ്കല്ല് ലഭ്യമാക്കുന്നതിന് കഴിയാത്തതാണ് നിലവിലെ പ്രതിസന്ധിക്ക് കാരണമെന്നതിനാൽ ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) 565 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചു. കരാർ പ്രകാരം നിർമ്മാണത്തിനാവശ്യമായ പാറ കണ്ടെത്തേണ്ടത് നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. ആവശ്യമായ അനുമതികൾ നൽകുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് സെക്രട്ടറി, ചീഫ് സെക്രട്ടറി, മന്ത്രി തലങ്ങളിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. |
| (സി) പ്രസ്തുത തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാകേണ്ട 2019 ഡിസംബർ 3 ന്, തുറമുഖ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുകയില്ലായെന്ന് അദാനി ഗ്രൂപ്പ് രേഖാമൂലം അറിയിച്ചിട്ടുണ്ടോ യെന്നും, ആയതിന്റെ അടിസ്ഥാന ത്തിൽ തുറമുഖ നിർമ്മാണം പൂർത്തി യാക്കുവാനുള്ള സമയപരിധി സർക്കാർ ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ? | (സി) കൺസഷൻ എഗ്രിമെന്റിന്റെ ഷെഡ്യൂൾ ജി ക്ലോസ് (6) ൽ ആണ് 03-12-2019 ൽ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുമെന്ന് നിഷ്കർഷിച്ചിരിക്കുന്നത്. ക്ലോസ് (6) ൽ നിർമ്മാണ കാലാവധി നീട്ടി നൽകാനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിശ്ചിത തീയതിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുകയില്ല എന്ന് നിർമ്മാണ കമ്പനി രേഖാമൂലം അറിയിച്ചിട്ടില്ല. കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലത്തുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ